**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1186** **07-12-2022 - ൽ മറുപടിയ്ക്ക്**

**അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളും അതിന്റെ വിശദാംശവും ലഭ്യമാക്കുമോ; | (എ) | **അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനിക വൽക്കരണത്തിനായി 2016-17 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 10 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. ഈ പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുള്ളതാകുന്നു.** |
| (ബി) | ഈ പദ്ധതിക്കായി 2022-23 ൽ നീക്കിവച്ചിട്ടുള്ള തുകയിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുമോ? | (ബി) | **ഈ പദ്ധതിക്കായി 2022-2023 ൽ ഒരു കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. ഇതിൽ ആദ്യ ഗഡുവായി 33 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ ബില്ലുകളുടെ സീനിയോറിറ്റി ലിസ്റ്റിൽ ആദ്യം നിൽക്കുന്ന ബിൽ തുക (41.82 ലക്ഷം രൂപ) വിട്ടുതൽ നൽകുന്നതിനായി 33 ലക്ഷം രൂപ അപര്യാപ്തമായതിനാൽ നിലവിൽ 2022-2023 ൽ നീക്കിവച്ചിട്ടുള്ള തുകയിൽ ഒന്നും തന്നെ ചിലവഴിച്ചിട്ടില്ല. ഈ ശീർഷകത്തിൽ ബാക്കി തുക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.** |

സെക്ഷൻ ഓഫീസർ